# നാല്
# ശ്രേഷ്ഠവചനങ്ങളുടെ
# മഹത്വങ്ങള്‍

**ഗ്രന്ഥകാരന്‍**

**ശൈഖ് അബ്ദുര്‍ റസാഖ് അല്‍ബദ്ര്‍**

**വിവര്‍ത്തനം**

**അബ്ദുല്‍ ജബ്ബാര്‍ അബ്ദുല്ല**

المكتب التعاوني للدعوة والإرشاد وتوعية
الجاليات بالدمام – المملكة العربية السعودية
**ISLAMIC CULTURAL CENTRE**
**DAMMAM-SAUDI ARABIA**

Web edition by:

islamhouse.com

# മുഖക്കുറി

സുഹൃത്തെ,

പ്രമുഖപണ്ഡിതനും ഗ്രന്ഥകാരനും മസ്ജിദുന്നബവിയിലും മദീനാഇസ്ലാമിക് യൂനിവേഴ്സിറ്റിയിലും അദ്ധ്യാപകനുമായ ഡോ. അബ്ദുർ റസ്സാഖ് ഇബ്നു അബ്ദിൽ മുഹ്സിൻ അൽബദർ തയ്യാറാക്കിയ 'ഫദാഇലുൽ കലിമാത്തിൽ അർബഅ' എന്ന കൊച്ചുകൃതിയുടെ വിവർത്തനമാണ് 'നാല് ശ്രേഷ്ഠവചനങ്ങളുടെ മഹത്വങ്ങൾ' എന്നപേരിൽ താങ്കളുടെ മുമ്പിൽ. ദിക്റുകളുടെ മഹത്വങ്ങളുടെ വിഷയത്തിൽ ധാരാളം അന്ധമായ വിശ്വാസങ്ങളും വ്യാജവും ദുർബലവുമായ തെളിവുകളുമായി പ്രബോധകരായി പലരും ഊരുകൾ ചുറ്റുമ്പോൾ ഇത്തരത്തിലുള്ള കൃതികൾ തൽവിഷയത്തിൽ മുതൽകൂട്ടാണെന്നതിൽ സംശയമില്ല. തെളിവുകളുടെ പ്രാമാണികത ഉറപ്പുവരുത്തി ദിക്റുകളുടെ മഹത്വങ്ങൾ ഊന്നിപ്പറയുന്ന ശൈഖിന്റെ രീതിയാണ് യഥാർത്ഥത്തിൽ സച്ചരിതരായ പൂർവ്വികരുടെ രീതി. ഈകൃതി തൽവിഷയത്തിൽ ദീനീമൻഹജ് നമ്മെ പഠിപ്പിക്കുന്നു. അതോടൊപ്പം 'സുബ്ഹാനല്ലാഹ്, വൽഹംദുലില്ലാഹ്, വലാഇലാഹ ഇല്ലല്ലാഹ്, വല്ലാഹു അക്ബർ' എന്നകലിമത്തുകളുടെ മഹത്വങ്ങളും. ഈ കൃത്യം നമുക്കെല്ലാം ഇഹലോകത്തുംപരലോകത്തും ഉപകാരപ്പെടുമാറാകട്ടെ. ഈ മഹത് സംരഭത്തിന് സഹകരിച്ചവർ പലരുമാണ്. ഈ കൊച്ചുകൃതി സൂക്ഷ്മമായി പരിശോധിച്ച് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയത് ബഹു: മുഹമ്മദ് സ്വാദിക്വ് മദനിയാണ്.

അദ്ദേഹത്തോടുള്ള കടപ്പാടും കൃതജ്ഞതയും രേഖപ്പെടുത്തുന്നു. പേജുകളിൽ അക്ഷരങ്ങൾ നിരത്തിയ സഹോദരൻ ഹബീബുർ റഹ്മാൻ കൊതോടിയിൽ, കെട്ടുംമട്ടുംനന്നാക്കാൻ സഹകരിച്ച സുഹൃത്തുക്കളായ മാഹീൻമുഹമ്മദ്, അബ്ദുല്ലതീഫ് കൊതോടിയിൽ, മുഹമ്മദ് റയ്യാൻ തുടങ്ങി പലരും. അല്ലാഹു ﷻ എല്ലാവർക്കും തക്കപ്രതിഫലം നൽകുമാറാകട്ടെ... ആമീൻ. അല്ലാഹുവേ, നിന്റെ വജ്ഹിനായി മാത്രം. നീ ഞങ്ങളോട് കനിയേണമേ..

## വിഷയസൂചി


| | |
|---|---|
| ● മുഖക്കുറി | 2 |
| ● വിഷയസൂചി | 4 |
| ● ആമുഖം | 5 |
| നാല് ശ്രേഷ്ഠവചനങ്ങളുടെ മഹത്വങ്ങൾ | |
| O അല്ലാഹുﷻ യിലേക്ക് ഏറ്റവും പ്രിയങ്കരമായ വചനങ്ങൾ | 7 |
| O പ്രവാചകൻﷺലേക്ക് ഏറ്റവും പ്രിയങ്കരമായ വചനങ്ങൾ | 8 |
| O അതിമഹത്തായ പ്രതിഫലം നേടിത്തരുന്ന വചനങ്ങൾ. | 9 |
| O പാപങ്ങളെ മായിക്കുവാൻ | 12 |
| O സ്വർഗ്ഗത്തിൽ കൃഷിയിറക്കുവാൻ | 15 |
| O ആയുസ്സ് വർദ്ധിക്കുവാൻ | 16 |
| O അല്ലാഹുﷻതന്റെ അടിയാറുകൾക്ക് തിരഞ്ഞെടുത്ത വാക്യങ്ങൾ | 19 |
| O നരകത്തിൽ നിന്ന് കാവൽ | 21 |
| O നാം അനുസ്മരിക്കപ്പെടുവാൻ | 23 |
| O നന്മയുടെ തുലാസിൽ ഭാരം തൂങ്ങുവാൻ | 26 |
| O സ്വദക്വകൾ | 27 |
| O വിശുദ്ധ ഖുർആൻ ഓതാൻ കഴിയാത്തവർക്കുള്ള വചനങ്ങൾ | 30 |
| ● സമാപനം | 32 |

# ആമുഖം

സ്തുതികൾ മുഴുവനും ലോകരുടെ രക്ഷിതാവായ അല്ലാഹുവിന് മാത്രമാകുന്നു. മുർസലീങ്ങളുടെ നേതാവും നമ്മുടെ പ്രവാചകനുമായ മുഹമ്മദ് നബിﷺയിലും അദ്ദേഹത്തിന്റെ കുടുംബത്തിലും അനുചരരിലും സ്വലാത്തും സലാമും അല്ലാഹു ﷻയിൽ നിന്ന് സദാവർഷിക്കുമാറാകട്ടെ.

നിശ്ചയം, അല്ലാഹുﷻ നാല് വാക്കുകളെ ഉന്നതമായ ചില ശ്രേഷ്ഠതകൾ കൊണ്ടും മഹത്തായ ചില വ്യതിരിക്തതകൾ കൊണ്ടും പ്രത്യേകമാക്കിയിരിക്കുന്നു. ഈ പ്രത്യേകമാക്കൽ പ്രസ്തുത നാലുവാക്കുകളും അതിമഹനീയമാണെന്നും, അവയുടെ സ്ഥാനം അത്യുന്നതവുമാണെന്നും, ഇതരവാക്കുകളേക്കാൾ അവക്ക് പ്രത്യേകതയുണ്ട് എന്നും വിളിച്ചറിയിക്കുന്നുണ്ട്. അവ:

**سُبْحَانَ الله സുബ്ഹാനല്ലാഹ്,** (അല്ലാഹുﷻ പരമ പരിശുദ്ധൻ)

**وَالْحَمْدُ لله വൽഹംദുലില്ലാഹ്,** (സ്തുതികൾ മുഴുവനും അല്ലാഹുﷻ വിന് മാത്രം)

**وَلاَ إِلَهَ إِلاَّ الله വലാ ഇലാഹ ഇല്ലല്ലാഹ്,** (യഥാർത്ഥ ആരാധ്യനായി അല്ലാഹുﷻ അല്ലാതെ മറ്റാരുമില്ല.)

وَاللهُ أَكْبَرُ **വല്ലാഹുഅക്ബർ** (അല്ലാഹു ﷻ ഏറ്റവും വലിയവനാണ്) എന്നിവയാണ്.

ഈ ദിക്റുകളുടെ വചനങ്ങൾ അത്യുന്നതമാണെന്നറിയിക്കുന്ന ധാരാളം പ്രമാണങ്ങൾ വന്നിരിക്കുന്നു. ഈ ദിക്റുകൾ യഥാവിധം നിർവ്വഹിക്കുമ്പോൾ ലഭിക്കുന്ന മഹത്തായ പ്രതിഫലങ്ങളും ഉത്കൃഷ്ടതകളും ഇഹത്തിലും പരത്തിലും ലഭിച്ചേക്കാവുന്ന നന്മകളും വിളിച്ചറിയിക്കുന്നതായ ബലവത്തായതെളിവുകളും സ്ഥിരപ്പെട്ടിരിക്കുന്നു. "ഫിഖ്ഹുൽ അദ്ഇയത്തി വൽഅദ്കാർ" എന്നപേരിൽ ഞാൻ എഴുതിയ ഗ്രന്ഥത്തിൽ ഒരു അദ്ധ്യായമാണിത്. അത് പ്രത്യേകമൊരു ഭാഗമാക്കി ക്രോഡീകരിച്ചാൽ ഉപകാരപ്പെടുമെന്ന് കണ്ടതിനാലും, കൂടുതൽ പ്രയോജനപ്പെടുവാനും ഉപകാരം കൂടുതൽ പേർക്ക് ലഭിക്കുവാനും ചില മാന്യസുഹൃത്തുക്കൾ ഇവ ഒരു പ്രത്യേക ലഘുരചനയായി പ്രസിദ്ധീകരിക്കുവാൻ പ്രേരിപ്പിച്ചതിനാലുമാണ് ഇത് ഇപ്രകാരം തയ്യാറാക്കുന്നത്.

സുഹൃത്തെ, ഈ രചന നിങ്ങളിലേക്ക് സമർപ്പിക്കുന്നു. അവധാനതയോടെ നിരീക്ഷിക്കുക. ഒരുവേള നമ്മുടെ ചിന്തക്ക് ഉണർവ്വും മനസ്സിന് കരുത്തും അതിൽ ഉണ്ടായേക്കാം. ഈ കലിമകൾ യഥാവിധം നിർവ്വഹിച്ചുപോരാനുള്ള സഹായവും ലഭിച്ചേക്കാം. അല്ലാഹു ﷻ മാത്രമാകുന്നു ഉദവി നൽകുന്നവൻ, എല്ലാ നന്മയിലേക്കുമുള്ള സഹായിയും. നന്മ ചെയ്യുവാനും തിന്മ വെടിയുവാനും കഴിവും

ചലനശേഷിയും ഉന്നതനും മഹാനുമായ അല്ലാഹു ﷻ യെക്കൊണ്ടുമാത്രം.

## ഒന്ന്
## അല്ലാഹുവിലേക്ക് ഏറ്റവും പ്രിയങ്കരമായ വചനങ്ങൾ

ഈ നാല് വചനങ്ങളുടെ മഹത്വങ്ങളിൽ പെട്ടതത്രേ; അവകൾ അല്ലാഹുﷻയിലേക്ക് ഏറ്റവും ഇഷ്ടകരമായ വചനങ്ങളാണ് എന്നത്.

സമുറ ഇബ്നു ജുൻദുബ്ؓവിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

((أحبُّ الكلامِ إلى الله تعالى أربعٌ ، لا يضرّكَ بأيّهنَّ بدأتَ:
سُبْحَانَ اللهِ وَالحَمْدُ للهِ وَلاَ إِلَهَ إِلاَّ اللهُ وَاللهُ أَكْبَرُ))

((അല്ലാഹുവിങ്കലേക്ക് പ്രിയങ്കരമായ വചനങ്ങൾ നാലാകുന്നു; അവയിൽ ഏതൊന്ന് കൊണ്ട് തുടങ്ങിയാലും നിനക്ക് പ്രശ്നമില്ല: സുബ്ഹാനല്ലാഹ്, വൽഹംദുലില്ലാഹ്, വലാഇലാഹ ഇല്ലല്ലാഹ്, വല്ലാഹുഅക്ബർ.[1]

മറ്റൊരു വചനത്തിൽ:

---

[1] സ്വഹീഹ് മുസ്ലിം 2137.

((أربعٌ هنَّ منْ أطيبِ الكلامِ ، وهنَّ من القرآن ، لا يضرّك بأيّهنّ بدأت: سُبْحَانَ اللهِ وَالحَمْدُ للهِ وَلاَ إِلَهَ إِلاَّ اللهُ وَاللهُ أَكْبَرُ))

“നാലുവാക്യങ്ങൾ; വാക്യങ്ങളിൽവെച്ച് ഏറ്റവുംനല്ല വയാണ്. അവ ക്വുർആനിൽപ്പെട്ടതാണ്. അവയിൽ ഏതുകൊണ്ട് തുടങ്ങിയാലും നിനക്ക് പ്രശ്നമില്ല “സുബ്ഹാനല്ലാഹ്, വൽഹംദുലില്ലാഹ്, വലാഇ ലാഹ ഇല്ലല്ലാഹ്, വല്ലാഹുഅക്ബർ”[2]

## രണ്ട്

## പ്രവാചകൻﷺലേക്ക് ഏറ്റവും പ്രിയങ്കരമായ വചനങ്ങൾ

ഈ നാല് വചനങ്ങളുടെ മഹത്വങ്ങളിൽപെട്ട തത്രേ; അവകൾ ദുനിയാവിനേക്കാളും അതിലുള്ള തിനേക്കാളും പ്രവാചകൻﷺലേക്ക് ഏറ്റവും പ്രിയങ്ക രമായവയാണ് എന്നത്. അബൂഹുറയ്റ رضي الله عنه വിൽ നി ന്നും നിവേദനം: അല്ലാഹുവിന്റെറസൂൽﷺ പറഞ്ഞു:

(( لأَنْ أَقولَ: سُبْحَانَ اللهِ وَالحَمْدُ للهِ وَلاَ إِلَهَ إِلاَّ اللهُ وَاللهُ أَكْبَرُ أحبُّ إليَّ ممّا طَلعتْ عَليهِ الشَّمْسُ))

[2] മുസ്നദ്, അബൂദാവൂദ് അത്ത്വയാലിസി. 122

"സുബ്ഹാനല്ലാഹ്, വൽഹംദുലില്ലാഹ്, വലാഇലാഹ ഇല്ലല്ലാഹ്, വല്ലാഹുഅക്ബർ" എന്ന് ഞാൻ പറയലാണ് സൂര്യൻ ഉദിച്ച (ദുൻയാവിനേക്കാളും അതിലുള്ളതിനേക്കാളും) എനിക്ക് ഇഷ്ടകരമായത് [3]

## മൂന്ന്
## അതി മഹത്തായ പ്രതിഫലം നേടിത്തരുന്ന വചനങ്ങൾ.

ഉമ്മുഹാനിഅ് ബിൻത് അബീത്വാലിബ്ﷺയിൽനിന്ന് നിവേദനം: അവർ പറഞ്ഞു:

مرَّ بِي رَسولُ اللهﷺ ذاتَ يومٍ فقلتُ: يا رسولَ الله قدْ كبرتُ وضعفتُ ، أو كما قالت، فمرنِي بعملٍ أعملهُ وأنا جالسةٌ ، قال : (( سبِّحِي اللهَ مائةَ تسبيحةٍ ، فإنها تعدلُ لكِ مائةَ رقبةٍ تعتقينَها من ولدِ اسماعيلَ ، وَاحمدِي اللهَ مائةَ تحميدةٍ ، تعدلُ لكِ مائةَ فرسٍ مسرجةٍ ملجمةٍ تحملينَ عليهاَ فِي سَبيلِ اللهَ ، وكبِّرِي اللهَ مائةَ تكبيرةٍ ، فإنهاَ تعدلُ لكِ مائةَ بدنةٍ مقلدةٍ متقبلةٍ ، وهلِّلِي اللهَ مائةَ تهليلةٍ ، قال ابنُ خلف (

---

[3] സ്വഹീഹ് മുസ്ലിം 2695.

الـراوي عـن عاصـم ) أحسـبُهُ قـال : تمـلأُ مـا بـينَ السَّـماءِ وَالأَرضِ ، ولاَ يَرفَعُ يَومئذٍ لأَحدٍ عملٌ إلاَّ أنْ يأتيَ بمثلِ مَـا أتيـتِ بـهِ)) قـال المنـذري : ( رواه أحمـد بإسـناد حسـن) ، وحسّن إسناده العلاّمة الألبانيّ رحمه الله

((അല്ലാഹുവിന്റെ റസൂൽﷺ എന്റെ അരികിലൂടെ നടന്നു. അപ്പോൾ ഞാൻ പറഞ്ഞു: എനിക്ക് വാർദ്ധക്യം വന്നു, ഞാൻ ദുർബലയായി. (അല്ലെങ്കിൽ ഈ ആശയമുള്ള ഒരു വാക്ക് അവർ പറഞ്ഞു) അതിനാൽ ഇരുന്നുകൊണ്ട് എനിക്ക് നിർവ്വഹിക്കാവുന്ന ഒരു പ്രവൃത്തി താങ്കൾ എന്നോട് കൽപിച്ചാലും. പ്രവാചകൻﷺ പറഞ്ഞു: നിങ്ങൾ നൂറു തവണ 'സുബ്ഹാനല്ലാഹ്'(തസ്ബീഹ്) ചൊല്ലുക. കാരണം അത് ഇസ്മാഈലിന്റെ മക്കളിൽനിന്ന് നൂറ് അടിമകളെ നിങ്ങൾ മോചിപ്പിച്ചതിന് തുല്ല്യമാകും. നിങ്ങൾ നൂറ് തവണ 'അൽ ഹംദുലില്ലാഹ്'(തഹ്മീദ്) ചൊല്ലുക. അത് കടിഞ്ഞാണിടപ്പെട്ട, ജീനിയണിയിക്കപ്പെട്ട നൂറ് കുതിരകൾക്ക് തുല്യമാണ്; അതിന്മേൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ (ജിഹാദ് നടത്തുന്ന യോദ്ധാക്കളെ) നിങ്ങൾ വഹിക്കുന്നു. നിങ്ങൾ നൂറു തവണ'അല്ലാഹു അക്ബർ' ചൊല്ലുക. അത് നിങ്ങൾ ഹൃദയങ്കമമായി സ്വീകരിക്കുന്ന നിങ്ങളിലേക്ക് ഇണങ്ങിവരുന്ന കഴുത്തിൽ അടയാളപടം അണിഞ്ഞ നൂറ് ഒട്ടകങ്ങൾക്ക് തുല്ല്യമാണ്. നിങ്ങൾ നൂറ് തവണ 'ലാ ഇലാഹ ഇല്ലല്ലാഹ്'(തഹ്ലീൽ) ചൊല്ലുക (ആസ്വി

മിൽനിന്ന് ഈ ഹദീഥ് റിപ്പോർട്ട് ചെയ്യുന്ന റാവി) ഇബ്നു ഖലഫ് പറയുന്നു: അദ്ദേഹം പറഞ്ഞതായി ഞാൻ ഓർക്കുന്നു. അത് ആകാശത്തിനും ഭൂമി ക്കുമിടയിൽ (പ്രതിഫലം) നിറക്കും. അന്ന് ഒരാളുടെ പ്രവർത്തനങ്ങളും (അല്ലാഹുവിലേക്ക്) ഉയർത്തപ്പെടു കയില്ല; നിങ്ങൾ കൊണ്ടുവന്ന(പ്രതിഫലാർഹ, ശ്രേ ഷ്ഠപ്രവർത്തനത്തിന്)തുല്ല്യമായത് അയാൾ കൊ ണ്ടുവന്നാലല്ലാതെ))[4] ഇമാം മുൻദിരിﷺ പറയുന്നു: ഈ ഹദീസ് ഇമാം അഹ്മദ്ﷺ ഹസനായ സനദോടു കൂടി റിപ്പോർട്ട് ചെയ്തിരിക്കുന്നു[5] ഈ ഹദീസിന്റെ സനദിനെ അല്ലാമ അൽബാനിﷺ ഹസനാക്കിയിരി ക്കുന്നു.[6]

ഈ നാല് വാക്കുകളിലൂടെ കരഗതമാകുന്ന പ്രതിഫലം ഒന്ന് ആലോചിച്ചുനോക്കൂ. ഒരാൾ നൂറ് തസ്ബീഹ് ചൊല്ലിയാൽ അഥവാ 'സുബ്ഹാനല്ലാഹ് എന്ന് നൂറ് തവണ ചൊല്ലിയാൽ ഇസ്മാഈൽ عليه السلامയുടെ മക്കളിൽനിന്ന് നൂറ് അടിമകളെ മോചിപ്പി ച്ചതിന് തുല്യമാണ്. ഇവിടെ ഇസ്മാഈൽعليه السلامയുടെ സന്തതികളെ പ്രത്യേകമാക്കിയത് അവരാണ് അ റബികളിൽ ഏറ്റവും നല്ലകുടുംബം എന്നതിനാലാ ണ്. ഒരാൾ നൂറ് തവണ അല്ലാഹുവിനെ സ്തുതി

[4] അഹ്മദ്, മുസ്നദ് 6: 344, ബൈഹക്വി, ശുഅ ബുൽഈമാൻ 612. (ആസിം ഇബ്നു ബഹ്ദല അബൂസ്വാലിഹിൽനിന്നുംഅദ്ദേഹം ഉമ്മുഹാനി അ് ബിൻത് അബീത്വാലിബിൽനിന്നും, 'ജയ്യിദാ' യ സനദോടുകൂടി റിപ്പോർട്ടുചെയ്തത്)

[5] ഇമാംമുൻദിരി,അത്തർഗീബുവത്തർഹീബ് 2:409

[6] അൽബാനി, അസ്സിൽസില അസ്സ്വഹീഹ 3:303

ച്ചാൽ അഥവാ 'അൽഹംദുലില്ലാഹ്' എന്ന് നൂറ് തവണപറഞ്ഞാൽ അയാൾക്കുള്ള പ്രതിഫലം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുവാൻ മുജാഹിദുകളെ വഹിക്കുവാനുള്ള ജീനിയണിഞ്ഞ കടിഞ്ഞാണിട്ട നൂറ് കുതിരകളെ സ്വദക്വ ചെയ്തതിനുള്ള പ്രതിഫലമാണ്. ഒരാൾ നൂറ് തവണ 'തക്ബീർ' ചൊല്ലിയാൽ അഥവാ 'അല്ലാഹു അക്ബർ' എന്ന് നൂറ് തവണ പറഞ്ഞാൽ അയാൾക്ക് നൂറ് ഒട്ടകത്തെ സ്വദക്വ ചെയ്ത പ്രതിഫലമുണ്ട്. ഒരാൾ നൂറ് തവണ തഹ്ലീല് ചൊല്ലിയാൽ അഥവാ 'ലാഇലാഹ ഇല്ലല്ലാഹ്' എന്ന് നൂറ് തവണ പറഞ്ഞാൽ അത് ആകാശത്തിനും ഭൂമിക്കുമിടയിൽ പ്രതിഫലം നിറക്കും. അന്ന് ഒരാളുടെ പ്രവർത്തനങ്ങളും (അല്ലാഹുവിലേക്ക്) ഉയർത്തപ്പെടുകയില്ല; അയാൾ കൊണ്ടുവന്ന (പ്രതിഫലാർഹ, ശ്രേഷ്ഠ പ്രവർത്തനത്തിന്) തുല്ല്യമായത് ഇയാൾ കൊണ്ടുവന്നാലല്ലാതെ).

## നാല്

## പാപങ്ങളെ മായിക്കുവാൻ

അബ്ദുല്ലാഹ് ഇബ്നു അംറ്ﷺവിൽനിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

((مَا علَى الأرضِ أحدٌ يقولُ: لاَ إِلـهَ إِلاَّ اللهُ وَاللهُ أَكْبَرُ وَسُبْحَانَ اللهِ وَالحَمْدُ للهِ وَلاَ حَولَ وَلاَ قوةَ إِلاَّ بِاللهِ إلا كَفَّرتْ عنه ذُنُوبَهُ وَلوْ كانتْ أَكْثَرَ منْ زبدِ البَحرِ )) حسّنه الترمذي وصحّحه الحاكم

وأقرّه الذهبيّ وحسّنه الألباني

((ഭൂമിയുടെ പരപ്പിൽ ഒരാളുമില്ല. അയാൾ 'ലാ ഇലാഹ ഇല്ലല്ലാഹ്, വല്ലാഹുഅക്ബർ, സുബ്ഹാന ല്ലാഹ്, വൽഹംദുലില്ലാഹ്, വലാഹൗല വലാക്വുവ്വത്ത ഇല്ലാ ബില്ലാഹ്; എന്ന് പറയാതെ, അതോടെ അ യാളുടെ പാപങ്ങൾ മായിക്കപ്പെടും, അത് സമുദ്ര ത്തിലെ നുരകളേക്കാൾ അധികമാണെങ്കിലും))[7] (ഇമാം തുർമുദിയും അല്ലാമാ അൽബാനിയും ഈ ഹദീസിനെ ഹസനാക്കിയിരിക്കുന്നു, ഹാകിമും ദഹ ബിയും ഈ ഹദീസിനെ സ്വഹീഹാക്കിയിരിക്കുന്നു)

മായിക്കപ്പെടുന്ന പാപങ്ങൾകൊണ്ട് ഇവിടെ ഉദ്ദേശിക്കപ്പെടുന്നത് ചെറിയപാപങ്ങളാണ്. കാരണം അബൂഹുറയ്റ ﵁ വിൽനിന്നും നിവേദനം: അല്ലാഹു വിന്റെ റസൂൽ ﷺ പറഞ്ഞു:

((الصلواتُ الخمسُ ، والجمعةُ إلى الجُمعةِ ، ورمضانُ إلى رمضانَ ، مكفّراتٌ ما بينهنَّ إذا اجتنب الكبائر ))

"അഞ്ച് ഫർദ്നമസ്കാരങ്ങളും, ഒരു ജുമുഅഃ മുത ൽ മറ്റൊരു ജുമുഅഃവരേയും, ഒരു റമദാൻ മുത ൽ മറ്റൊരു റമദാൻ വരേയും, അവക്കിടയിലുള്ള പാപങ്ങൾ മായിക്കുന്നവയാണ്. വൻപാപങ്ങൾ വർ

[7] അഹ്മദ്, മുസ്നദ് 2: 157,210, തുർമുദി, സുന ൻ 3460, ഹാകിം, അൽ മുസ്തദ്റക് 1:503, അൽബാനി, സ്വഹീഹുൽജാമിഅ് 5636

ജിക്കുകയായാൽ”[8] ഇവിടെ പാപങ്ങൾ മായിക്കുവാൻ വൻപാപങ്ങൾ വെടിയണമെന്ന് നിബന്ധനവെച്ചു. കാരണം വൻപാപങ്ങളെ തൗബ മാത്രമേ മായിക്കുകയുള്ളൂ.

ഇതേ ആശയത്തിൽ അനസ്ﷺവിൽനിന്നും ഇമാം തുർമുദിയും മറ്റും നിവേദനം ചെയ്യുന്നു:

(( أَنَّ رسولَ الله ﷺ مرَّ بِشجرةٍ يابِسةِ الْورقِ فَضَربهَا بعصاهُ فَتَناثَر

الْورقُ ، فَقالَ رَسُولُ الله ﷺ: (( إنَّ الحْمْدَ للهِ وَسُبْحَانَ اللهِ وَلاَ إِلـهَ إِلاَّ اللهُ وَاللهُ أَكْبَـرُ لتساقطُ منْ ذنوبِ العبدِ كمَا تساقطَ ورقُ هذهِ الشجرةِ ))

((അല്ലാഹുവിന്റെ റസൂൽﷺ ഉണങ്ങിയ ഇലകളുള്ള ഒരു വൃക്ഷത്തിനരികിലൂടെ നടന്നു. അപ്പോൾ തന്റെ കയ്യിലുള്ള വടികൊണ്ട് അതിനെ അടിച്ചു. ഉടൻ ഇലകൾ കൊഴിഞ്ഞുവീണു. അപ്പോൾ റസൂലുല്ലാഹിﷺ പറഞ്ഞു: നിശ്ചയം “അൽഹംദുലില്ലാഹ്, വസുബ്ഹാനല്ലാഹ്, വലാഇലാഹഇല്ലല്ലാഹ്, വല്ലാഹു അക്ബർ” (എന്നീ കലിമകൾ) ഒരു അടിമയുടെ പാപങ്ങളെ കൊഴിച്ചുകളയും; ഈ വൃക്ഷത്തിന്റെ

[8] സ്വഹീഹ് മുസ്‌ലിം 233.

ഇലകൾ പൊഴിയുന്നതുപോലെ.)) അല്ലാമാ അൽബാനി ഈ ഹദീസിനെ ഹസനാക്കിയിരിക്കുന്നു [9]

## അഞ്ച്

## സ്വർഗ്ഗത്തിൽ കൃഷിയിറക്കുവാൻ

ഇവ സ്വർഗ്ഗീയകൃഷിയാകുന്നു. അബ്ദുല്ലാഹ് ഇബ്നു മസ്ഊദ്ؓൽനിന്നും നിവേദനം: നബിﷺ പറഞ്ഞു:

(( لـقيتُ إبـراهيمَ ليلـةَ أسريَ بِي ، فقـالَ: يـا محمـدُ أقـرىءْ أمّتَكَ منِّي السَّلامَ، وَأَخبرْهمْ أنَّ الجنـةَ طيبـة التربـةِ ، عذبـة الماءِ، وأنها قيعانٌ، وَأَنَّ غراسَهَا: **سُبْحَانَ اللهِ ، وَالحَمْدُ للهِ ، وَلاَ إِلَـهَ إِلاَّ اللهُ ، وَاللهُ أَكْبَرُ**)) وفي إسـناد هـذا الحـديث عبـد الرحمن بن إسحاق، لكن للحديث شاهدان يتقوّى بهما مـن حديث أبي أيّوب الأنصاري ومن حديث عبد الله بن عمـر ؓ.

((ഇസ്റാഇന്റെ രാവിൽ ഞാൻ ഇബ്റാഹീംعليه السلامയെ കണ്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: മുഹമ്മദ്, എന്റെ സലാം താങ്കളുടെ ഉമ്മത്തികൾക്ക് ഓതുക.

[9] സുനനുത്തുർമുദി 3533, സ്വഹീഹുൽജാമിഅ് 1601.

അവരോട് പറഞ്ഞേക്കുക. നിശ്ചയം സ്വർഗ്ഗം നല്ല മണ്ണാണ്, സ്വച്ഛമായ വെള്ളമാണ്, നിശ്ചയം അത് നീണ്ടു വിശാലമാണ്, അതിലെ കൃഷിയാകട്ടെ 'സുബ്ഹാനല്ലാഹ്, വൽഹംദുലില്ലാഹ്, വലാ ഇലാഹ ഇല്ലല്ലാഹ്, വല്ലാഹുഅക്ബർ' എന്നിവയാണ്)) (ഈ ഹദീസിന്റെ സനദിൽ അബ്ദുറഹ്മാൻ ഇബ്നു ഇസ്ഹാക്വ് എന്ന റാവിയുണ്ട്. പക്ഷേ ഈ ഹദീസിന് സമാന ആശയമായി അബൂ അയ്യൂബിൽ അൻസ്വാരി ﷺ വിൽനിന്നും അബ്ദുല്ലാഹ് ഇബ്നു ഉമർ ﷺ വിൽനിന്നും ഉദ്ധരിക്കപ്പെടുന്ന രണ്ട് ഹദീസുകൾ ഉള്ളതിനാൽ ഹദീസ് ശക്തിപ്പെടുന്നു.) [10]

ഇവിടെ 'ക്വയ്ആൻ' (قيعان) എന്നത് 'ക്വാഅ്' (قاع)ന്റെ ബഹുവചനമാണ്. നീണ്ടുപരന്ന നിരന്ന നിമ്നസ്ഥലത്തിനാണ് 'ക്വാഅ്' എന്ന് പറയുന്നത്. അത് മഴവെള്ളം സ്വീകരിക്കുകയും അവിടെ കൃഷി നന്നായി വളരുകയും ചെയ്യും. [11] അഥവാ ഇത്തരം ഭൂമികളിൽ കൃഷി വളരുന്നതുപോലെ ഈ വചനങ്ങൾകൊണ്ട് സ്വർഗ്ഗീയകൃഷി വളരുമെന്നർത്ഥം.

## ആറ്
## ആയുസ്സ് വർദ്ധിക്കുവാൻ

[10] സുനനുത്തുർമുദി 3462. അൽബാനി, അസ്സിൽസില അസ്സ്വഹീഹ.105

[11] അന്നിഹായ, ഇബ്നുൽ അഥീർ (4: 132)

ഇസ്ലാമിൽ ആയുസ്സ് നൽകപ്പെടുകയും തക്ബീറും തഹ്ലീലും തഹ്മീദും തസ്ബീഹും വർദ്ധിപ്പിക്കുകയും ചെയ്ത വിശ്വാസിയേക്കാൾ അല്ലാഹുﷻയുടെ അടുക്കൽ ഉത്കൃഷ്ടനായ ഒരാളും ഇല്ല.

عنْ عبدِ الله بنِ شداد ( أنَّ نفرًا منْ بنِي عُذرة ثلاثةً أتوا النبيَ ﷺ فأسلمُوا ، قالَ: فقالَ النبي ﷺ ((منْ يكفينيهم؟)) قالَ طلحةُ: أناَ. قالَ: فكانوُا عندَ طلحةَ ، فبعثَ النبيُ ﷺ بعثاً فخرجَ فيهِ أحدُهمْ فاستشهد. فقال: ثمَّ بعثَ بعثاً فخرجَ فيهمْ آخرَ فاستشهد. قالَ: ثمَّ ماتَ الثالثُ على فراشِهِ. قالَ طلحةُ: فرأيتُ هؤلاءِ الثلاثةَ الذينَ كانوُا عندِي في الجنةِ ، فرأيتُ الميِّتَ علَى فراشِهِ أمامهمْ ، ورأيتُ الذِي استشهدَ أخيرًا يليهِ ، ورأيتُ الذِي استشهدَ أولهم آخرهمْ. قال: فَدَخَلَنِي منْ ذلكَ قالَ: فأتيتُ النبيَّ ﷺ فذكرتُ ذلكَ لهُ ، قالَ: فقالَ رسولُ اللهِ ﷺ: ((مَا أنكرت

من ذلكَ ، ليسَ أحدٌ أفضلَ عندَ الله منْ مؤمنٍ يُعَمَّرُ فِي الإسلامِ يكثرُ تكبيرُهُ وتسبيحُهُ وتهليلُهُ وتحميدُهُ))

അബ്ദുല്ലാഹ് ഇബ്നു ശദ്ദാദ്ﷺവിൽ നിന്നും നിവേദനം:((ബനൂഉദ്റ ഗോത്രത്തിലെ മൂന്നുപേർ പ്രവാചകൻﷺയുടെ അടുക്കൽ വരികയും ഇസ്ലാം സ്വീകരിക്കുകയും ചെയ്തു. പ്രവാചകൻﷺ പറഞ്ഞു: ((എനിക്കുവേണ്ടി ഇവരുടെ കാര്യം നോക്കുവാൻ ആരാണുള്ളത്?' ത്വൽഹﷺ പറഞ്ഞു: ഞാൻ. (അബ്ദുള്ള) പറയുന്നു: അങ്ങനെ അവർ ത്വൽഹﷺയുടെ അടുക്കൽ ആയിരുന്നു. അപ്പോൾ നബിﷺ ഒരു സംഘത്തെ (ജിഹാദിന്) നിയോഗിച്ചു. ആ സംഘത്തിൽ അവരിൽ ഒരാൾ പുറപ്പെടുകയും അയാൾ രക്തസാക്ഷിയാവുകയുമുണ്ടായി. പിന്നീട് പ്രവാചകൻﷺ മറ്റൊരു (യുദ്ധ)സംഘത്തെ നിയോഗിച്ചു. അവരോടൊപ്പം (മൂന്നുപേരിൽ) മറ്റൊരാൾ പുറപ്പെട്ടു. അയാളും രക്തസാക്ഷിയായി. (അബ്ദുല്ല)പറയുന്നു: മൂന്നാമൻ തന്റെ വിരിപ്പിൽ കിടന്നാണ് മരണപ്പെട്ടത്. ത്വൽഹﷺ പറയുന്നു: എന്റെ അടുക്കലുണ്ടായിരുന്ന ഈ മൂന്നുപേരേയും അവർ സ്വർഗ്ഗത്തിലുള്ളതായി ഞാൻ സ്വപ്നത്തിൽ കണ്ടു. അവരിൽ തന്റെ കട്ടിലിൽ കിടന്ന് മരണപ്പെട്ടയാളെ (മൂന്നിൽ) ഒന്നാമനായി ഞാൻ കണ്ടു. രണ്ടാമത് രക്തസാക്ഷിയായ ആളെ ഇയാളെ(മരണപ്പെട്ടയാളെ)തുടർന്നും ഞാൻ കണ്ടു. അവരിൽ ആദ്യം രക്തസാക്ഷിയായ ആൾ (മൂന്നിൽ)അവസാനത്തെ ആളായി ഞാൻ

കണ്ടു. അത് എന്നിൽ ഒരു (വല്ലായ്മ) ഉളവാക്കി. ത്വൽഹ ﵁ തുടരുന്നു: ഞാൻ നബി ﷺ യുടെ അടുക്കൽചെന്നു കാര്യം അദ്ദേഹത്തെ ഉണർത്തി. അപ്പോൾ നബി ﷺ പറഞ്ഞു: താങ്കൾ അതിൽ ഏതാണ് നിഷേധിക്കുന്നത്, ഇസ്‌ലാമിൽ ആയുസ്സ് നൽകപ്പെടുകയും തക്ബീറും തസ്ബീഹും തഹ്‌ലീലും തഹ്മീദും വർദ്ധിപ്പിക്കുകയും ചെയ്ത വിശ്വാസിയേക്കാൾ അല്ലാഹുവിന്റെ അടുക്കൽ ഉത്കൃഷ്ടനായ ഒരാളും ഇല്ല.[12]

ആയുസ്സ് വർദ്ധിക്കുകയും പ്രവൃത്തിനന്നാവുകയും ദിക്റുചൊല്ലി നാവ് നനഞ്ഞിരിക്കുകയും ചെയ്ത ഒരാളുടെ ശ്രേഷ്ഠത ഈ മഹത്തായ ഹദീഥ് വിളിച്ചറിയിക്കുന്നുണ്ട്.

## ഏഴ്

## അല്ലാഹു ﷻ തന്റെ അടിയാറുകൾക്ക് തെരഞ്ഞെടുത്ത വാക്യങ്ങൾ

അല്ലാഹു ﷻ തന്റെ അടിമകൾക്ക് ഈ നാലു വചനങ്ങളെ പ്രത്യേകമാക്കി തെരെഞ്ഞെടുക്കുകയും അവകൊണ്ട് ദിക്റ് ചൊല്ലിയാൽ മഹത്തായ പ്രതിഫലം നൽകുകയുംചെയ്യുന്നു. അബൂഹുറയ്റ ﵁ വിൽനിന്നും അബൂസഈദ് ﵁ വിൽനിന്നും നിവേ

[12] അഹ്മദ്, മുസ്നദ് 1:163, നിസാഈ, അസ്സുനനുൽ കുബ്റാ: 10674, അൽബാനി, അസ്സിൽസില അസ്സ്വഹീഹ: 654

ദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

(( إنَّ اللهَ تعالى اصطفىَ مِنَ ٱلكَلاَمِ أَرْبَعاً ، **سُبْحَانَ الله ، وَالحَمْدُ للهِ ، وَلاَ إِلَهَ إِلاَّ اللهُ ، وَاللهُ أَكْبَرُ** فمن قال: سبحان الله كتبت له عشرون حسنة ، وَحطتْ عنه عشرونَ سيئةً ، ومنْ قالَ: **اللهُ أَكْبَرُ** فمثل ذلكَ ، ومن قال: **لاَ إِلَهَ إِلاَّ اللهُ** فمثل ذلكَ ، ومنْ قالَ: **الحَمْدُ للهِ رَبِّ الْعَالمِينَ** منْ قبلِ نفسِهِ كتبتْ لهُ ثلاثونَ حسنةً وحُطّ عنهُ ثلاثونَ خطيئة ))

((വാക്കുകളിൽ നാലെണ്ണത്തെ അല്ലാഹുﷻ തെരഞ്ഞെടുത്തു: **"സുബ്ഹാനല്ലാഹ്, വൽഹംദുലില്ലാഹ്, വലാഇലാഹ ഇല്ലല്ലാഹ്, വല്ലാഹു അക്ബർ"** ഒരാൾ '**സുബ്ഹാനല്ലാഹ്**' എന്നുപറഞ്ഞാൽ അയാൾക്ക് ഇരുപത് നന്മകൾ രേഖപ്പെടുത്തപ്പെടും, അവനിൽ നിന്ന് ഇരുപത് തിന്മകൾ മായിക്കപ്പെടുകയും ചെയ്യും. ഒരാൾ '**അല്ലാഹു അക്ബർ**' എന്നുപറഞ്ഞാൽ ഇതു പോലെത്തന്നെയാണ്. ഒരാൾ '**ലാഇലാഹ ഇല്ലല്ലാഹ്**' എന്നുപറഞ്ഞാലും ഇത് പോലെത്തന്നെയാണ്. ഒരാൾ ആത്മാർത്ഥമായി '**അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ**' എന്നുപറഞ്ഞാൽ അവന് മുപ്പത് നന്മകൾ രേഖപ്പെടുത്തപ്പെടുകയും മുപ്പ

ത് പാപങ്ങൾ അയാളിൽനിന്ന് മായിക്കപ്പെടുകയും ചെയ്യും)) [13]

ഇവിടെ ഒരു അടിമ ആത്മാർത്ഥമായി 'ഹംദ്' (അൽ ഹംദു ലില്ലാഹി റബ്ബിൽ ആലമീൻ) പറയുമ്പോൾ മറ്റുനാലുകലിമത്തുകൾ പറയുന്നതിനേക്കാൾ പ്രതിഫലത്തിൽ വർദ്ധനവുണ്ടായി; കാരണം തിന്നുക, കുടിക്കുക, വല്ല അനുഗ്രഹവും ലഭിക്കുക തുടങ്ങിയ വല്ല കാരണങ്ങൾക്കും ശേഷമാണ് മിക്കവാറും 'ഹംദ്' പറയപ്പെടാറ്. അഥവാ 'ഹംദ്' പറയുന്ന സമയത്ത് തനിക്കുലഭിച്ച വല്ല അനുഗ്രഹത്തിനും പകരമായാണ് 'ഹംദ്' സംഭവിക്കാറുള്ളത്. എന്നാൽ ഇവിടെ പുതുതായി ഉണ്ടാകുന്ന ഒരു അനുഗ്രഹവും പ്രേരിപ്പിക്കാതെതന്നെ തന്നിൽ നിന്ന് 'ഹംദ്' വരുന്നതിനാലാണ് പ്രതിഫലം വർദ്ധിച്ചത്.

## എട്ട്
## നരകത്തിൽ നിന്ന് കാവൽ

ഈ നാലുവാക്യങ്ങൾ അവ ചൊല്ലുന്നവർക്ക് നരകത്തെ തടുക്കുവാനുള്ള പരിചയാണ്. അവകൾ, അവകൊണ്ട് ദിക്റെടുക്കുന്നവർക്ക് അന്ത്യനാളിൽ രക്ഷയും അവനെ മുന്നോട്ട് ആനയിക്കുന്നവയുമായിരിക്കും. അബൂഹുറയ്റ ﵁ വിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞിരിക്കുന്നു:

[13] അഹ്മദ്, മുസ്നദ് 2:302, ഹാകിം, അൽമുസ്തദ്റക് 1:512, അൽബാനി, സ്വഹീഹുൽ ജാമിഅ്: 1718

((خذُوا جُنتكم)) قلنَا: يا رسولَ الله من عدوٍّ قدْ حضرَ! قالَ: (( لا، بلْ جُنَّتَكُم من النّار، قولُوا: **سُبْحَانَ اللهِ ، وَالحَمْدُ للهِ ، وَلاَ إِلـهَ إِلاَّ اللهُ ، وَاللهُ أَكْبَـرُ** فإنهنَّ يأتينَ يومَ القيامةِ مُنجِيات ومُقدِّمات ، **وهن الباقيات الصالحات . رواه النسائي في الكبرى ،)) قال الحاكم: ((هذاحديث صحيح على** شرط مسلم،ولم يخرجاه )) ووافقه الذهبي ، وصحّحه الألباني رحمه الله

((നിങ്ങൾ നിങ്ങളുടെ പരിച എടുക്കുക, ഞങ്ങൾ പറഞ്ഞു: വന്നണഞ്ഞ വല്ല ശത്രുവെ (തടുക്കുവാനാണോ?) അദ്ദേഹം പറഞ്ഞു: അല്ല, നരകത്തിൽ നിന്നും നിങ്ങളെ കാക്കുവാനുള്ള പരിച, നിങ്ങൾ "സുബ്ഹാനല്ലാഹ്, വൽഹംദുലില്ലാഹ്, വലാ ഇലാഹ ഇല്ലല്ലാഹ്, വല്ലാഹു അക്ബർ" എന്ന് പറയുക. കാരണം അവകൾ അന്ത്യനാളിൽ വരുന്നത് രക്ഷപ്പെടുത്തുന്നവയും മുന്നോട്ടു ആനയിക്കുന്നവയുമായിട്ടായിരിക്കും. അവയത്രെ 'അൽബാകിയാത്തുസ്സ്വാലിഹാത്ത്' അഥവാ (പ്രതിഫലം അവശേഷി

ക്കുന്നതും കൂലി നിത്യമാകുന്നതുമായ) നിലനിൽക്കുന്ന സൽപ്രവർത്തനങ്ങൾ". [14]

ഉപരിസൂചിത സ്വിഫത്തുകളോടൊപ്പം മറ്റൊരു വർണ്ണന കൂടി ഈ നാലുവചനങ്ങൾക്ക് ഈ ഹദീഥ് ഉൾക്കൊണ്ടിരിക്കുന്നു. അഥവാ അവകൾ നിലനിൽക്കുന്ന സൽക്കർമ്മങ്ങളാകുന്നു എന്നതാണ് പ്രസ്തുത വർണ്ണന. അല്ലാഹു ﷻ പറയുന്നു:

«المَالُ وَالْبَنُونَ زِينَةُ الحَيَاةِ الدُّنْيَا وَالْبَاقِيَاتُ الصَّالِحَاتُ خَيْرٌ عِندَ رَبِّكَ ثَوَابًا وَخَيْرٌ أَمَلًا»

((എന്നാൽ നിലനിൽക്കുന്ന സൽകർമ്മങ്ങളാണ് നിന്റെ രക്ഷിതാവിങ്കൽ ഉത്തമമായ പ്രതിഫലമുള്ളതും ഉത്തമമായ പ്രതീക്ഷനൽകുന്നതും))(വി. ഖു.18: 46)

'ബാക്വിയാത്ത്' എന്നാൽ പ്രതിഫലം അവശേഷിക്കുന്നതും കൂലിനിത്യമാകുന്നതും എന്നാണ്. ഇതത്രെ ഒരുഅടിമ വെച്ചുപുലർത്തുന്ന ശുഭപ്രതീക്ഷ; ശ്രേഷ്ഠമായ പ്രതിഫലവും.

## ഒമ്പത്

## നാം അനുസ്മരിക്കപ്പെടുവാൻ

ഈ കലിമത്തുകൾ അർശിനുചുറ്റും വളഞ്ഞു കൂടും. അവക്ക് തേനീച്ചയുടെ മൂളൽപോലുള്ള ഒരു

---

[14] ഹാകിം, മുസ്തദ്റക് 1:541 നിസാഈ, അസ്സുനനുൽ കുബ്റാ 6: 212, അൽബാനി, സ്വഹീഹുൽ ജാമിഅ്: 3214

ഇരമ്പൽ ശബ്ദം ഉണ്ടാകും. അവകൾ തങ്ങളെ ചൊല്ലിപറഞ്ഞയാളുകളെ അനുസ്മരിച്ചുകൊണ്ടിരിക്കും.

നുഅ്മാൻ ഇബ്നു ബശീർﷺവിൽനിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞിരിക്കുന്നു:

(( إنَّ ممَّا تذكرونَ منْ جَلالِ اللهِ التسبيح والتكبير والتهليل والتحميد، ينعطفن حول العرش لهنَّ دويٌّ كدويِّ النحلِ تذكر بصاحبها، أما يحب أحدكم أن يكون له، أو لا يزال له من يذكر به )) قالَ البوصوري في زوائد سنن ابن ماجه: إسناده صحيح ، رجاله ثقات ، وصحّحه الحاكم.

((നിശ്ചയം, അല്ലാഹുﷻയെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങൾ ദിക്റ് ചൊല്ലേണ്ടതിൽ പെട്ടതാണ്; തസ്ബീഹും, തക്ബീറും, തഹ്ലീലും, തഹ്മീദും. അവകൾ അർശിനുചുറ്റും വളഞ്ഞുകൂടും. അവക്ക് തേനീച്ചയുടെ ഇരമ്പലിന് സമാനമായ ഒരു ഇരമ്പൽ ഉണ്ടായിക്കൊണ്ടിരിക്കും. അവകൾ അവയുടെ ആളുകളെ അനുസ്മരിക്കും. അപ്പോൾ നിങ്ങളിലൊരാൾ തന്നെ എടുത്തുപറയുന്ന ഒരുദിക്ർ തനിക്കുണ്ടാകുവാൻ ഇഷ്ടപ്പെടുന്നില്ലേ? അല്ലെങ്കിൽ തന്നെ അനുസ്മരിച്ചുകൊണ്ടിരിക്കുന്ന ഒരു(ദിക്റ്)തനിക്കുണ്ടായിക്കൊണ്ടേയിരിക്കുവാൻ (ഇഷ്ടപ്പെടുന്നില്ലേ?))

[15] ഇമാം ബൂസ്വീരി പറഞ്ഞു: ഈ ഹദീഥിന്റെ സനദ് സ്വഹീഹാണ്, റിപ്പോർട്ട് ചെയ്തവർ വിശ്വസ്തരാണ്.
[16] ഇമാംഹാകിം ഈ ഹദീസിനെ സ്വഹീഹാക്കിയിരിക്കുന്നു

വളരെ വലിയ മഹത്വമാണ് ഇവിടെ ഈ ഹദീഥ് തെര്യപ്പെടുത്തിത്തരുന്നത്. അഥവാ ഈ നാലുവചനങ്ങൾ അർശിനുചുറ്റും ഒരുമിച്ചുകൂടും. അവക്കാകട്ടെ തേനീച്ചയുടെ ശബ്ദം പോലുള്ള ശബ്ദവുമുണ്ട്. അതിലൂടെ അവയെ ചൊല്ലി ദിക്റെടുത്തവരെ അവകൾ എടുത്തുപറയും. യഥാർത്ഥത്തിൽ ഈ വചനങ്ങൾ കൊണ്ട് ദിക്റ് ചൊല്ലുവാൻ വലിയ പ്രേരണയാണ് ഈ പരാമർശത്തിലൂടെ ലഭിക്കുന്നത്. അതാണല്ലോ പ്രവാചകൻﷺ ഹദീഥിൽ ഇപ്രകാരം പറഞ്ഞത്:

(( أما يحب أحدكم أن يكون له ، أو لا يزال له من يذكر به ))

((അപ്പോൾ നിങ്ങളിലൊരാൾ തന്നെ എടുത്തുപറയുന്ന ഒരു ദിക്ർ തനിക്കുണ്ടാകുവാൻ ഇഷ്ടപ്പെടുന്നില്ലേ? അല്ലെങ്കിൽ തന്നെ അനുസ്മരിച്ചുകൊണ്ടിരിക്കുന്ന ഒരു (ദിക്റ്) തനിക്കുണ്ടായിക്കൊണ്ടേയിരിക്കുവാൻ (ഇഷ്ടപ്പെടുന്നില്ലേ?))

---

[15] അഹ്മദ്, മുസ്നദ് 4:268,271, ഇബ്നുമാജ, സുനൻ: 3809, ഹാകിം, മുസ്തദ്റക് 1: 503
[16] സവാഇദു ഇബ്നിമാജ, ബൂസ്വീരി.

## പത്ത്

## നന്മയുടെ തുലാസിൽ ഭാരം തൂങ്ങുവാൻ

ഈ നാലുവചനങ്ങൾ തുലാസിൽ ഭാരമായി തൂങ്ങുന്നവയാണ് എന്ന് നബിﷺ പ്രവചിച്ചിരിക്കുന്നു. അബൂസൽമ رضي الله عنهവിൽ നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു:

سَمعتُ رسولَ اللهِ يَقولُ : (( بخٍ بخٍ ، ـ وأشار بِيدِهِ بِخمسٍ ـ مَا أَثقلهنَّ فِي الْميزانِ: **سُبْحَانَ اللهِ، وَالحَمْدُ للهِ ، وَلاَ إِلهَ إِلاَّ اللهُ ، وَاللهُ أَكْبَرُ** والْولدُ الصّالحُ يُتَوَفَّى للمَرْءِ الْمُسْلِمِ فَيحتسبهُ )) صحّحه الحاكم ، ووافقه الذهبي ، وللحديث شاهد منْ حديث ثوبان رضي الله عنه ، خرّجه البزّار في مسنده ، وقال : إسناده حسن.

((അല്ലാഹുവിന്റെ റസൂൽﷺ പറയുന്നതായി ഞാൻ കേട്ടു. 'ബഖിൻ ബഖ്' – അദ്ദേഹം തന്റെ കൈകൊണ്ട് അഞ്ചെന്ന് ആംഗ്യം കാണിച്ചു – ഇവകൾ മീസാനിൽ എത്രമാത്രം ഭാരം നിറഞ്ഞവയാണ്: സുബ്ഹാനല്ലാഹ്, വൽഹംദുലില്ലാഹ്, വലാഇലാഹ ഇല്ലല്ലാഹ്, വല്ലാഹു അക്ബർ(എന്നിവയും), ഒരു മുസ്‌ലിമായ മനുഷ്യന് മരണപ്പെട്ട സ്വാലിഹായ സന്താനവും; പ്രസ്തുത സന്തതിയുടെ മരണത്തിൽ

അയാൾ ക്ഷമിക്കുകയും പ്രതിഫലം കാംക്ഷിക്കുകയും ചെയ്യുന്നു)) [17] (ഹാകിമും ദഹബിയും ഈ ഹദീസിനെ സ്വഹീഹാക്കിയിരിക്കുന്നു, ഈ ഹദീഥിന് ഥൗബാൻﷺവിൽനിന്നുള്ള മറ്റൊരു ഹദീഥ് 'ശാഹിദാ' യിട്ടുണ്ട്. പ്രസ്തുത ഹദീഥ് ഇമാം ബസ്സാർ മുസ്നദിൽ റിപ്പോർട്ട് ചെയ്യുകയും അതിന്റെ സനദിനെ 'ഹസനാ'ക്കുകയും ചെയ്തിരിക്കുന്നു.)) [18]

ഹദീസിൽ പറഞ്ഞ (( بَخٍ بَخٍ )) 'ബഖിൻ ബഖ്' എന്നത്, ഒരു വസ്തുവിൽ ആശ്ചര്യം കൂറുകയും അത് ശ്രേഷ്ഠമാണെന്ന് വ്യക്തമാക്കുകയും ചെയ്യുന്നതിന് പ്രയോഗിക്കുന്ന പദമാണ്.

## പതിനൊന്ന്

## സ്വദകാകൾ

ഈ നാല് ശ്രേഷ്ഠവചനങ്ങളുടെ മഹത്വങ്ങളിൽപ്പെട്ടതാണ് അവ ഓരോന്നും ചൊല്ലുന്നവർക്ക് അവ ഓരോന്നും സ്വദകയാണ്. അബൂദർറ്ﷺ നിവേദനം:

---

[17] നിസാഈ, അസ്സുനനുൽകുബ്റാ 6:50 സ്വഹീഹ് ഇബ്നുഹിബ്ബാൻ, 3:114, 338 ഹാകിം, മുസ്തദ്റക് 1: 511,512

[18] കശ്ഫുൽഅസ്താർ അൻസവാഇദിൽബസ്സാർ 4:9, 3072

أنّ ناسا من أصحاب رسول الله ﷺ قَالوا للنّبي ﷺ: يا رسول الله ذهب أهلُ الدثور بالأجورِ ، يُصلُّون كَما نُصَلِّي ، ويصومونَ كَمَا نصومُ ، وَيتصدَّقُون بفضولِ أموالهم ، قَالَ: (( أوليسَ قَدْ جعلَ الله لكمْ مَا تُصدِّقونَ؟ إِنَّ بكُلِّ تسبيحةٍ صدقةً ، وَكُلِّ تكبيرةٍ صدقَةً ، وكلِّ تَحْمِيدةٍ صَدقةً، وكلِّ تَهْلِيلةٍ صَدقةً، وَ أمرٍ بالمعروفِ صدقة ، ونهي عن المنكرِ صدقة ، وفي بضع أحدكم صدقة )) قالوا: يا رسول الله ، أيأتي أحدنا شهوته ويكون له فيها أجر ؟ قالَ : (( أرأيتم لو وضعها في حرام أكان عليه وزرٌ ؟ فكذلك إذا وضعها في الحلال كان له أجرٌ ))

((റസൂലുല്ലാഹിﷺയുടെ സ്വഹാബികളിൽ ചിലയാളുകൾ പ്രവാചകൻﷺയോട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, സമ്പന്നർ പ്രതിഫലങ്ങളുമായി പോയിരിക്കുന്നു. ഞങ്ങൾ നമസ്കരിക്കുന്നതുപോലെ അവരും നമസ്കരിക്കുന്നു. ഞങ്ങൾ നോമ്പെടുക്കുന്നതു പോലെ അവരും നോമ്പെടുക്കുന്നു. അവരുടെ അധികരിച്ച സമ്പത്തിൽനിന്ന് അവർ ദാനധർമ്മം നൽശുകയും ചെയ്യുന്നു. (പ്രവാചകൻﷺ)പറഞ്ഞു: നിങ്ങൾ

ക്കും സ്വദക്വ ചെയ്യുവാനുള്ളത് അല്ലാഹു ﷻ നിശ്ചയിച്ചു തന്നിട്ടില്ലേ? നിശ്ചയം, എല്ലാ തസ്ബീഹുകളും സ്വദക്വയാണ്, എല്ലാ തക്ബീറുകളും സ്വദക്വയാണ്, എല്ലാ തഹ്ലീലുകളും സ്വദക്വയാണ്, നന്മ കൊണ്ട് കൽപിക്കൽ സ്വദക്വയാണ്, തിന്മയെ വിരോധിക്കൽ സ്വദക്വയാണ്, നിങ്ങളുടെ ഓരോരുത്തരുടേയും ലൈംഗികാവയവത്തിലും (ഹലാലായ മാർഗ്ഗത്തിൽ തന്റെ ലൈംഗിക വികാരം ശമിപ്പിക്കുന്നതിൽ) നിങ്ങൾക്ക് സ്വദക്വയുണ്ട്. അവർ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, ഞങ്ങളിലൊരാൾ (ഇണകളിൽ) തന്റെ വികാരം ശമിപ്പിക്കുന്നു; അതിൽ അവന് പ്രതിഫലമുണ്ടോ? നബി ﷺ പറഞ്ഞു: നിങ്ങളുടെ അഭിപ്രായമെന്താണ്? തന്റെ വികാരം ഹറാമിലാണ് ശമിപ്പിക്കുന്നതെങ്കിൽ അതിൽ അയാൾക്ക് പാപമില്ലേ? അപ്രകാരം തന്നെ അത് ഹലാലിൽ ശമിപ്പിച്ചാൽ അയാൾക്ക് പ്രതിഫലവുമുണ്ടാകും". [19]

സാധുജനങ്ങൾ സമ്പത്തുകൊണ്ടുമാത്രമേ സ്വദക്വയുള്ളൂ എന്ന് ധരിച്ചു. അവരാകട്ടെ അതിന് അശക്തരാണുതാനും. അപ്പോൾ നബി ﷺ അവർക്ക് എല്ലാ സുകൃതങ്ങളും നന്മകളും സ്വദക്വകളാണ് എന്ന് പറഞ്ഞുകൊടുക്കുകയും എല്ലാ സൽപ്രവൃത്തികളുടേയും മുൻപന്തിയിൽ **സുബ്ഹാനല്ലാഹ്, വൽഹംദുലില്ലാഹ്, വലാഇലാഹ ഇല്ലല്ലാഹ്, വല്ലാഹു അക്ബർ** എന്നീ നാലുവാക്യങ്ങളാണ് എന്ന് അവരെ ഉണർത്തുകയും ചെയ്തു.

---

[19] സ്വഹീഹ് മുസ്‌ലിം 1006

## പന്ത്രണ്ട്

## വിശുദ്ധഖുർആൻ ഓതുവാൻ കഴിയാത്തവർക്കുള്ള വചനങ്ങൾ

ഇബ്നു അബീഔഫാ ﷺ വിൽനിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു:

((جاءَ رجلٌ إلى النبيِّ ﷺ فقالَ: يا رسول الله إِنِّي لا أستطيع أنْ أتعلَّمَ الْقُرآنَ، فَعلِّمني شَيْئاً يُجْزِيني. قالَ:((تَقولُ: **سُبْحَانَ اللهِ، وَالحَمْدُ للهِ، وَلاَ إِلَـهَ إِلاَّ اللهُ، وَاللهُ أَكْبَرُ، وَلاَحَولَ وَلاَ قوةَ إلاَّ بِاللهِ))** فقالَ الأَعرابِيُّ :هكذَا وقبضَ يديهِ ـ فقالَ: هذا لله، فما لِي؟ قَالَ: تقولُ:((**اللهُمَّ اغْفِرْلِي وَارْحَمْنِي وَعَافِنِي وَارْزُقْنِي وَاهْدِنِي** )) فأخذها الأعرابي وقبضَ كفّيه ، فقالَ النبيُّ ﷺ: أمّا هذا فقدْ ملأَ يديه بالخيْرِ )) قال المحدّث أبو الطيّب العظيم آبادي في تعليقه على سنن الدارقطني : سنده صحيح. وقال الألباني رحمه الله : سنده حسن.

((ഒരാൾ നബിﷺയുടെ അടുക്കലേക്ക് വന്നു. അയാൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, എനിക്ക് ക്വുർആൻ പഠിക്കാൻ സാധിക്കുന്നില്ല. അതിനാൽ എനിക്ക് മതിയാവുന്നവല്ലതും പഠിപ്പിച്ചാലും. നബിﷺ പറഞ്ഞു: നീപറയുക: '**സുബ്ഹാനല്ലാഹ്, വൽഹംദുലില്ലാഹ്, വലാഇലാഹ ഇല്ലല്ലാഹ്, വല്ലാഹു അക്ബർ, വലാഹൗല വലാക്വുവ്വത്ത ഇല്ലാ ബില്ലാഹ്** അഅ്റാബി പറഞ്ഞു: ഇപ്രകാരമോ, അയാൾ തന്റെ ഇരു കൈകളും ചുരുട്ടിപ്പിടിച്ചുകൊണ്ടുപറഞ്ഞു: ഇത് അല്ലാഹുവിന് മാത്രമുള്ളതാണ്. എനിക്ക് എന്താണുള്ളത്? (പ്രവാചകൻﷺ) പറഞ്ഞു: നീ പറയുക: **"അല്ലാഹുമ്മ ഇഗ്ഫിർലീ വർഹംനീ വആഫിനീ വർസുഖ്നീ വഹ്ദ്നീ"** അപ്പോൾ അഅ്റാബി അത് സ്വീകരിക്കുകയും തന്റെ രണ്ട് ഉള്ളം കൈകളും മടക്കിപ്പിടിക്കുകയും ചെയ്തു. അപ്പോൾ നബിﷺ പറഞ്ഞു: എന്നാൽ ഇയാൾ തന്റെ ഇരുകരങ്ങളേയും നന്മ കൊണ്ട് നിറച്ചിരിക്കുന്നു". [20] പ്രമുഖ ഹദീസ് പണ്ഡിതൻ അബുത്ത്വയ്യിബ് അൽഅദ്വീം ആബാദീ സുനനുദ്ദാറക്വുത്നിക്ക് അനുബന്ധക്കുറിപ്പ് നടത്തിയപ്പോൾ ഈ ഹദീസിന്റെ സനദ് സ്വഹീഹാണെന്ന് പറഞ്ഞിട്ടുണ്ട്, അൽബാനി ഹദീസിന്റെ സനദ് ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്.[21]

[20] അബൂദാവൂദ്, സുനൻ 832, നിസാഈ, സുനൻ 2:143 ദാറക്വുത്വ്നി, സുനൻ 1: 313,314

[21] അൽബാനി, സ്വഹീഹുഅബീദാവൂദ്, 1: 157

## സമാപനം

ഈ കലിമത്തുകൾക്ക് സുന്നത്തിൽ സ്ഥിരപ്പെട്ട ഏതാനും മഹത്വങ്ങളാണ് ഇവകൾ. ഉപരി സൂചിത ശ്രേഷ്ഠതകൾ നിരീക്ഷിച്ചാൽ അവ വളരെ മഹത്വമാണെന്നും ഉന്നതമാണെന്നും അവയിൽ ധാരാളം ഫലങ്ങളുണ്ടെന്നും ഒരു വിശ്വാസിയായ അടിമക്ക് ധാരാളം ഉപകാരങ്ങൾ അവ നൽകിക്കൊണ്ടേയിരിക്കും എന്നും കണ്ടെത്തുവാനാകും.

ഒരുവേള ഈ മഹാശ്രേഷ്ഠതകളുടെ രഹസ്യം ചില പണ്ഡിതർ സൂചിപ്പിച്ചതുപോലെ അല്ലാഹുﷻയുടെ എല്ലാനാമങ്ങളും ഈ നാലു കലിമത്തുകളിൽ അന്തർലീനമാണ്, അഥവാ '**സുബ്ഹാനല്ലാഹ്**' എന്നത് ക്വുദ്ദൂസ്, അസ്സലാം തുടങ്ങിയ '**അസ്മാഉത്തൻസീഹുകൾ**' (വിശുദ്ധപ്പെടുത്തുവാനുള്ള നാമങ്ങൾ)ക്ക് കീഴിലാണ്. '**അൽഹംദുലില്ലാഹ്**' എന്നത് അല്ലാഹുﷻയുടെ നാമങ്ങളിലും വിശേഷണങ്ങളിലും പരിപൂർണതയുടെ ഇനങ്ങൾ സ്വീകരിക്കുന്നതിനെ ഉൾക്കൊള്ളുന്നു. '**അല്ലാഹു അക്ബർ**' എന്നതിൽ അല്ലാഹുﷻയെ വലുതാക്കലും മഹത്വപ്പെടുത്തലും ഉണ്ട്. ഒരാൾക്കും അല്ലാഹുﷻയുടെ കീർത്തനങ്ങൾ ക്ലിപ്തപ്പെടുത്താനാവുകയില്ലായെന്നും അതിൽ ഉണ്ട്. ഒരാൾ ഇപ്രകാരമൊക്കെയാണെങ്കിൽ അവനല്ലാതെ യാതൊരു ഇലാഹുമില്ല. അഥവാ യഥാർത്ഥ ആരാധനക്കർഹനായി മറ്റാരുമില്ല; അവനല്ലാതെ.

'**തസ്ബീഹ്**' എന്നാൽ അല്ലാഹുﷻക്ക് അനുയോജ്യമല്ലാത്തതിൽനിന്ന് അവനെ വിശുദ്ധപ്പെടുത്തലാണ്. '**തഹ്മീദ്**' എന്നാൽ അല്ലാഹുവിന്റെ അസ്മാഉകളിലും, സ്വിഫാത്തുകളിലും, അഫ്ആലുകളി

ലും, അവന് പരിപൂർണ്ണതയുടെ മുഴുവൻ ഇനങ്ങളും സ്ഥാപിക്കലാണ്. 'തഹ്‌ലീൽ' എന്നാൽ അല്ലാഹു ﷻക്കുള്ള തൗഹീദും നിഷ്കളങ്കതയുമാണ്; ശിർക്കിൽനിന്ന് മോചനവുമാണ്. **'തക്ബീർ'** എന്നാൽ അല്ലാഹുﷻയുടെ മഹത്വം സ്ഥാപിക്കലാണ്; അവനേക്കാൾ വലിയതായി യാതൊന്നുമില്ലെന്ന് അംഗീകരിക്കലുമാണ്.

അല്ലാഹുവാണെ, ഈ വചനങ്ങൾക്ക് എത്ര മാത്രം മഹത്വങ്ങളാണ്, അവയുടെ കാര്യം എത്ര മാത്രം ആദരവുറ്റതാണ്. അവയിലൂടെ കരസ്ഥമാകുന്ന നന്മയുടെ പെരുപ്പം എത്രയാണ്.

അല്ലാഹുവേ, ഇവകൊണ്ട് ദിക്റെടുക്കുവാനും ഇവ നിത്യമാക്കുവാനും നീ ഞങ്ങളെ തുണക്കേണമേ, ഇവകൊണ്ട് നാവ് നനയുന്ന ആളുകളിൽ നീ ഞങ്ങളെ ഉൾപ്പെടുത്തേണമേ...നിശ്ചയം, അല്ലാഹു ﷻയാണ് അതിന് കഴിവുറ്റവൻ; അതിന്റെ ഉടമയും. നമ്മുടെ പ്രവാചകൻ മുഹമ്മദ് നബിﷺയിലും അദ്ദേഹത്തിന്റെ കുടുംബത്തിലും അനുചരരിലും സ്വലാത്തും സലാമും അല്ലാഹുﷻയിൽ നിന്ന് സദാവർഷിക്കുമാറാകട്ടെ.

وآخر دعوانا أن الحمد لله ربّ العالمين